# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1553 16/03/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## ജൈവകൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൊല്ലം നിയോജക മണ്ഡലത്തിൽ ജൈവകൃഷിയ്ക്കായി കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) 1. ജൈവകൃഷിയിൽ പരിശീലനവും അവബോധവും.<br>2. വിത്തുകൾ, ജൈവ വളങ്ങൾ, ജൈവ കുമിൾ നാശിനികൾ, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, വിതരണം, പ്രോത്സാഹിപ്പിക്കൽ.<br>3. ജില്ലാതല പാരസൈറ്റ് ബ്രീഡിംഗ് ലബോറട്ടറിയിലൂടെ മിത്ര കീടങ്ങളുടെ ഉല്പാദനം.<br>4. പശുവളർത്തൽ പ്രോത്സാഹനം.<br>5. പ്രാദേശികമായി മണ്ണിര കമ്പോസ്റ്റ്, അർബൻ കമ്പോസ്റ്റ്, ബയോഗ്യാസ് സ്ലറി എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം.<br>6. ജീവാണുവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിയ്ക്കൽ.<br>7. പഞ്ചായത്തു തലത്തിൽ ജൈവ കൃഷി മോഡൽ ഫാമുകൾ സ്ഥാപിക്കൽ.<br>8. പ്രാദേശിക കൂട്ടായ്മകളിലൂടെ കാർഷികോല്പന്നങ്ങളുടെ വിപണം ശക്തിപ്പെടുത്തൽ.<br>9. വീട്ടുവളപ്പിൽ ജൈവ കൃഷി പ്രോത്സാഹനം.<br>10. ടെറസ്സിൽ ജൈവ മാർഗ്ഗത്തിലൂടെ പച്ചക്കറി |

ഉല്പാദനം.

| | |
|---|---|
| ബി) ജൈവകൃഷി സംബന്ധിച്ച പുരോഗതി അവലോകനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | ബി) കൃഷി ഡയറക്ടറുടെയും പ്രിൻസിപ്പൽ കൃഷി ആഫീസർമാരുടെയും "ആത്മ" പ്രോജക്ടറുമാരുടേയും "പദ്ധതി അവലോകന യോഗങ്ങളിൽ" ജൈവ കൃഷി സംബന്ധിച്ച പുരോഗതി അവലോകനം നടത്താറുണ്ട്. |
| സി) ജൈവകൃഷി കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) 2012 വർഷത്തിൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസറഗോഡ് ജില്ലയിൽ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ജൈവ കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 വർഷം 919.50 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പ് എന്നിവ സംഘടിപ്പിക്കുന്നതിനും ജൈവ കാർഷിക ക്ലസ്റ്റുകൾ രൂപീകരിച്ച് പച്ചക്കറി പഴവർഗ്ഗങ്ങൾ എന്നിവ ജൈവ കൃഷി ചെയ്യുന്നതിനും കർഷകരുടെ കൃഷിയിടങ്ങളിൽ റ്റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിനും ഇടവിള കൃഷി, സമ്മിശ്ര കൃഷി, നൂതന ജൈവ വളങ്ങൾ ഉപയോഗിച്ചുള്ള കൃഷി എന്നിവയുടെ മാതൃക കൃഷിത്തോട്ടങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ആനുകൂല്യം നല്കി വരുന്നു.<br><br>പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ 500 ഹെക്ടർ വീതം സ്ഥലത്ത് ജൈവ കൃഷിക്ക് ഹെക്ടറിന് 4000/- രൂപ (നാലായിരം രൂപ വീതവും) സർട്ടിഫിക്കേഷന് ഹെക്ടറിന് 3000/- രൂപ |

(മൂവായിരം രൂപ വീതവും) ആദ്യ വർഷ ആനുകൂല്യമായി 2014-15 വർഷം അനുവദിച്ചിട്ടുണ്ട്.

ഡി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

ഡി) 2014-15 വർഷം കാസറഗോഡ് ജില്ലയിലെ "ഓർഗാനിക് ഫാമിംഗ്" പദ്ധതിയ്ക്കായി 919.50 ലക്ഷം രൂപയും, ആർ.കെ.വി.വൈ ഉൾപ്പെടുത്തി പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ജൈവ കൃഷി വ്യാപനത്തിനും സർട്ടിഫിക്കേഷനുമായി ആകെ 140 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഇ) വകുപ്പ് മന്ത്രിയുടെ സർക്കുലർ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എം.എൽ.എ മാരെ കണ്ട് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ

ഇ) ഉണ്ട്.

"സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാന" പദ്ധതിയുടെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും ജൈവ കൃഷി വ്യാപനത്തിനായി നടപ്പിലാക്കേണ്ട കർമ്മ പരിപാടി, എം. എൽ. എ യുമായി കൂടി ആലോചിച്ചതിനു ശേഷം എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ടവരുടേയും യോഗം കൂടിയാണ് തീരുമാനിക്കുന്നത്.

എഫ്) ജൈവകൃഷി വിള നാശത്തിനു നഷ്ടപരിഹാരം നല്കാറുണ്ടോ; വിശദാംശം നൽകുമോ ?

എഫ്) വിള നാശത്തിന് സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. ജൈവ കൃഷിയാണോ അല്ലയോ എന്ന വേർതിരിവ് ഇതിനു ബാധകമല്ല.

സെക്ഷൻ ഓഫീസർ